(ഡി) ഒ.ഡി.ആർ., എം.ഡി.ആർ. ആയി മാറ്റണമെന്ന നിർദ്ദേശത്തിന്മേൽ പത്തനംതിട്ട ജില്ലയിലെ കല്ലൂപ്പാറ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ടിട്ടുള്ള റോഡുകൾ എം.ഡി.ആർ. ആയി മാറ്റിയിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ റോഡുകൾ എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) പഞ്ചായത്ത് രാജ് ആക്ട് അനുസരിച്ച് മറ്റ് ജില്ലാതല റോഡുകളും വില്ലേജ് റോഡുകളും പഞ്ചായത്തുകൾക്ക് സർക്കാർ ഉത്തരവുപ്രകാരം കൈമാറിയിട്ടുണ്ട്. അതനുസരിച്ചാണ് ചീഫ് എഞ്ചിനീയർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. ഉത്തരവ് ഇപ്പോഴും നിലവിലുണ്ട്.

(ബി) പഞ്ചായത്ത്രാജ് ആക്ട് പ്രകാരമാണ് റോഡുകൾ ജില്ലാ പഞ്ചായത്തുകൾക്ക് കൈമാറിയിട്ടുള്ളത്. എം.എൽ.എ.-മാർ, പഞ്ചായത്ത് അധികാരികൾ തുടങ്ങിയവർ പ്രസ്തുത റോഡുകൾ പി.ഡബ്ല്യു.ഡി.-യുടെ അധികാര പരിധിയിൽ നിലനിർത്തണമെന്ന് രേഖാമൂലം അറിയിച്ചിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിലുള്ള മറ്റ് ജില്ലാതല റോഡുകളും വില്ലേജ് റോഡുകളും മരാമത്ത് വകുപ്പിൽ എം.ഡി.ആർ. ആയി ഉയർത്തി നിലനിർത്തണമെന്നതിനെക്കുറിച്ച് വിശദമായ റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ ചീഫ് എഞ്ചിനീയറുടെ റിപ്പോർട്ട് ലഭിച്ചതിനുശേഷം വേണ്ട തീരുമാനങ്ങൾ കഴിവതും വേഗം എടുക്കുന്നതാണ്.

(ഡി) ഇല്ല. ബാധകമല്ല.

കണ്ണൂർ ജില്ലയിലെ എം.ഡി.ആർ. ആയി ഉയർത്തിയ റോഡുകളും മറ്റ് ജില്ലാതല റോഡുകളും

70 [686] ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവ. ഉത്തരവ് 32/98 (14-5-1998) പ്രകാരം സംസ്ഥാനത്തെ എത്ര കിലോമീറ്റർ റോഡുകളാണ് പ്രധാന ജില്ലാതല റോഡായി ഉയർത്തിയതെന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത ഉത്തരവ് പ്രകാരം കണ്ണൂർ ജില്ലയിലെ എത്ര കിലോമീറ്റർ റോഡുകൾ എം.ഡി.ആർ. ആയി ഉയർത്തിയെന്നും ഇതിൽ ഓരോന്നിലും നിയോജകമണ്ഡലത്തിലെ എത്ര കിലോമീറ്റർ റോഡുവീതം എം.ഡി.ആർ. ആയി ഉയർത്തിയെന്നും വെളിപ്പെടുത്തുമോ;

(സി) ഇപ്പോൾ കണ്ണൂർ ജില്ലയിലെ മറ്റ് ജില്ലാതല റോഡുകളുടെ നിയോജകമണ്ഡലം തിരിച്ചുള്ള ദൈർഘ്യം എത്ര കിലോമീറ്റർ വീതമാണെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 6061.171 കിലോമീറ്റർ റോഡുകൾ.

(ബി) 790.442 കി.മീ. റോഡ് എം.ഡി.ആർ. ആയി ഉയർത്തി.

നിയോജകമണ്ഡലം തിരിച്ചുള്ള വിവരം താഴെ ചേർക്കുന്നു:

പേരാവൂർ	..	134.778 കി.മീ.
നോർത്ത് വയനാട്	..	16.100 ,,
കൂത്ത്പറമ്പ്	..	109.102 ,,
പയ്യന്നൂർ	..	130.390 ,,
തൃക്കരിപ്പൂർ	..	50.098 ,,
തളിപ്പറമ്പ്	..	74.271 ,,
എടക്കാട്	..	60.865 ,,
കണ്ണൂർ	..	30.234 ,,
അഴിക്കോട്	..	47.638 ,,
തലശ്ശേരി	..	37.950 ,,
പെരിങ്ങളം	..	82.832 ,,
ഇരിക്കൂർ	..	15.302 ,,
ആകെ	..	790.442 കി.മീ.

(സി)

തൃക്കരിപ്പൂർ	..	33.835 കി.മീ.
പയ്യന്നൂർ	..	33.413 ,,
തളിപ്പറമ്പ്	..	123.975 ,,
ഇരിക്കൂർ	..	137.93 ,,
അഴിക്കോട്	..	12.245 ,,
കണ്ണൂർ	..	ഇല്ല
എടക്കാട്	..	18.100 ,,
പേരാവൂർ	..	12.980 ,,
കൂത്ത്പറമ്പ്	..	4.060 ,,
നോർത്ത് വയനാട്	..	ഇല്ല
തലശ്ശേരി	..	13.793 ,,
പെരിങ്ങളം	..	10.145 ,,

LIBRARY ARCHIVES Kerala Legislative Assembly